ജീവിതവുമായുള്ള മൽപ്പിടിത്തത്തിനിടയിൽ കലയെക്കുറിച്ചു ചിന്തിക്കാനേ ആവുന്നില്ല എന്നു പരാതിപ്പെടുന്നവരാണ് മിക്കവരും. ജീവിതത്തിലെന്തെങ്കിലും അപ്രതീക്ഷിതമായ ആഘാതങ്ങളുണ്ടായാലോ? പിന്നെ പറയുകയും വേണ്ട. കലയുമില്ല, കാവ്യവുമില്ല.

എന്നാൽ, ഒന്നിനു പിറകെ ഒന്നായി രണ്ടു ദുരന്തങ്ങൾ നേരിട്ടിട്ടും തന്റെ ഉള്ളിലെ കലയെ വിട്ടുകളഞ്ഞില്ല എന്നുമാത്രമല്ല, മാറോടണച്ചു പരിലാളിച്ച്, സമയം കിട്ടിയപ്പോൾ വാനത്തേയ്ക്കു പറത്തിവിട്ട ഒരാളുണ്ടെന്നു കേൾക്കുമ്പോൾ എന്തായിരിക്കും തോന്നുക? അദ്ഭുതമോ, ആദരവോ, സന്തോഷമോ അതോ അഭിമാനമോ?

അങ്ങനെയൊരു വ്യക്തിയെയാണ് ഇന്നത്തെ ദളത്തിലൂടെ പരിചയപ്പെടുത്തുന്നത്.

സുഷമാ ദേവി കെ

ഓപ്പറേഷൻസ് ഡിപ്പാർട്ട്മെന്റ്

ഫെഡറൽ ബാങ്ക്, ആലുവ

മലയാളഭാഷാധ്യാപകനായ ദാമോദരൻ നമ്പൂതിരിയുടേയും വീട്ടമ്മയായ ഭാരതി അന്തർജനത്തിന്റേയും നാലു പെൺകുട്ടികളിൽ രണ്ടാമത്തെയാളായി ജനിച്ച സുഷമയുടെ സ്വദേശം പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമമാണ്. തടിയൂർ എൻ എസ് എസ് ഹൈസ്കൂൾ, റാന്നി സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം.

ഹൈസ്കൂളിൽ പഠിക്കുന്ന കാലയളവിൽ തന്നെ സുഷമ കവിതകൾ കുത്തിക്കുറിക്കാൻ തുടങ്ങിയിരുന്നു. വീട്ടിൽ വായിക്കാൻ നിറയെ പുസ്തകങ്ങൾ ഉണ്ടായിരുന്നു എന്നതിനൊപ്പം ഒഴിവുസമയങ്ങളിൽ കുട്ടികളെയെല്ലാം വിളിച്ചിരുത്തി അച്ഛൻ നടത്തുമായിരുന്ന പദ്യപാരായണ - അക്ഷരശ്ലോക സദസ്സുകളും സുഷമയുടെയുള്ളിൽ കവിതയുറവെടുക്കാൻ കാരണമായി.

പിതാവ് കവിതകളെഴുതുമായിരുന്നു എന്നതും സുഷമയ്ക്ക് പ്രചോദനമായി.

കവിതയെഴുത്തിൽ കൂടുതൽ താൽപര്യം കാണിച്ചു തുടങ്ങിയപ്പോഴാണ് സുഷമയുടെ ജീവിതത്തിലെ ആദ്യത്തെ ആഘാതം സംഭവിക്കുന്നത്. പ്രീഡിഗ്രി കഴിഞ്ഞ് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് ചെയ്യുമ്പോഴായിരുന്നു അത്.

പെട്ടന്നൊരു ദിവസം ഹൃദയാഘാതത്തിന്റെ രൂപത്തിൽ മരണം അച്ഛനെ കവർന്നെടുത്തു. തന്നെ കഥാപാത്രമാക്കി വിധി ഒരു വിലാപകാവ്യം രചിച്ചതാണെന്നു സമാശ്വസിക്കാൻ മാത്രമേ നിസ്സഹായയായ സുഷമക്ക് അന്നു കഴിഞ്ഞുള്ളൂ.

കുടുംബത്തിന്റെ താങ്ങും തണലും നഷ്ടപ്പെട്ടത് വിദ്യാർഥിനികളായ നാലു പെൺകുട്ടികളും അമ്മയുമടങ്ങുന്ന ആ കുടുംബത്തിന് വലിയൊരാഘാതമായിരുന്നു. നിശ്ചയദാർഢ്യവും ഈശ്വരകൃപയും കൊണ്ടാണ് സുഷമയും സഹോദരികളും ആ കാലഘട്ടത്തെ അതിജീവിച്ചത്.

സാഹചര്യം ഒട്ടും അനുകൂലമല്ലാതിരുന്നതിനാൽ കവിതയെഴുത്തിനെക്കുറിച്ച് ആ സമയത്തൊന്നും തനിക്ക് ചിന്തിക്കാനേ സാധിച്ചില്ലെന്ന് സുഷമ ഓർത്തെടുക്കുന്നു.

തുടർന്ന് ടിടിസി കഴിഞ്ഞതും എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി സുഷമയ്ക്ക് കുടമുരുട്ടി ട്രൈബൽ സ്കൂളിൽ അധ്യാപികയായി നിയമനം ലഭിക്കുന്നു. അയിരൂർ നിന്ന് രണ്ടുമൂന്നു ബസുകൾ മാറിക്കയറി, തുടർന്ന് അഞ്ചുകിലോമീറ്ററോളം ജീപ്പിലും ചിലപ്പോൾ കാൽനടയായുമൊക്കെ വേണമായിരുന്നു ജോലിക്കു പോവാൻ.

അതിനൊപ്പം തന്നെ കറസ്പോണ്ടൻസ് കോഴ്സായി മലയാളബിരുദപഠനവും സുഷമ ആരംഭിച്ചു.

ജോലിയും കുട്ടികളുമൊക്കെ മനസിനൊരാശ്വാസമായിരുന്നെങ്കിലും ഈ തിരക്കുകൾക്കിടയിൽ കവിത പിടിതരാതെ നിന്നു.

പക്ഷേ മലയാളഭാഷയായിരുന്നു വിഷയമെന്നതിനാൽ പാഠ്യപദ്ധതിയുടെ ഭാഗമായും അല്ലാതെയും ഒട്ടനവധി കവിതകൾ വായിച്ചാസ്വദിക്കാനുള്ള അവസരം സുഷമയ്ക്കു ലഭിച്ചു. ബി എഡ് ബിരുദധാരിയായതിനെ തുടർന്ന് മലപ്പുറം ജില്ലയിലെ വേങ്ങരയിലും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിലും സുഷമ അധ്യാപികയായി ജോലി നോക്കിയിരുന്നു.

1988 ലാണ് സുഷമ വിവാഹിതയാവുന്നത്. ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥനായിരുന്ന പി എസ് മുരളീധരൻ നമ്പൂതിരിയായിരുന്നു വരൻ. നല്ലൊരു വായനക്കാരനായിരുന്നു എന്നതു കൂടാതെ ഇംഗ്ലീഷിലും മലയാളത്തിലും കവിതകൾ എഴുതുന്ന വ്യക്തി കൂടിയായിരുന്നു അദ്ദേഹം.

എങ്കിലും കവിതയെഴുത്ത് പൊടിതട്ടിയെടുക്കാനുള്ള സാവകാശം സുഷമയ്ക്കു ലഭിച്ചില്ല. മൂത്തമകന്റെ ജനനവും ജോലി

സ്ഥലത്തേയ്ക്കുള്ള പോക്കുവരവുമൊക്കെയായപ്പോൾ, കടലാസിലേക്കുള്ള വണ്ടിയുടെ സമയത്തിനായി മനസിന്റെ പ്ലാറ്റ്ഫോമിൽ അക്ഷമരായി കാത്തിരിക്കുകയേ കവിതകൾക്ക് നിർവാഹമുണ്ടായിരുന്നുള്ളൂ.

എല്ലാമൊന്ന് കലങ്ങിത്തെളിഞ്ഞു വരുന്നു എന്നു കരുതിയ ഘട്ടത്തിലാണ് സുഷമയുടെ ജീവിതത്തിലേക്ക് രണ്ടാമത്തെ കരിനിഴൽ പടർന്നുകയറുന്നത്.

രണ്ടാമത്തെ കുട്ടിയെ ഗർഭം ധരിച്ചിരുന്ന സമയത്താണ് ഇനിയൊരു തിരിച്ചുവരവില്ലാത്ത വിധത്തിൽ അർബുദത്തിന്റെ കോശങ്ങൾ തന്റെ പ്രിയതമനെ ദൃഢാലിംഗനം ചെയ്തുകഴിഞ്ഞെന്ന വിവരം സുഷമ അറിയുന്നത്. പിന്നെ കുറഞ്ഞസമയത്തിനുള്ളിൽ തന്നെ അദ്ദേഹം വിധിയെന്ന സൂത്രധാരന്റെ വിളിപ്പുറത്തേക്ക് മറഞ്ഞുകളഞ്ഞു.

ഭർത്താവിന്റെ വിയോഗത്തിനും ഒരു മാസത്തിനു ശേഷമാണ് രണ്ടാമത്തെ കുട്ടി പിറന്നുവീഴുന്നത്. ഒരേ സമയം മാതാവും പിതാവുമായി മാറി രണ്ടു കുരുന്നുകളെ പരിലാളിക്കുന്നതിനൊപ്പം ഔദ്യോഗിക ജീവിതവും ചേർന്നതോടെ ഒന്നര ദശാബ്ദക്കാലത്തോളം തന്റെ കാവ്യലോകപരികൽപ്പനകൾ, ബാങ്കു ഭാഷയിൽ പറഞ്ഞാൽ സുഷമ “ഫ്രീസ് ചെയ്തുകളഞ്ഞു”!

1994 ഫെബ്രുവരിയിലാണ് അധ്യാപന ജീവിതത്തിനു പൂർണ വിരാമമിട്ട് സുഷമ ഫെഡറൽ ബാങ്കിൽ തന്റെ ഔദ്യോഗിക ജീവിതമാരംഭിക്കുന്നത്.

ബാങ്കിന്റെ പഴവങ്ങാടി, പായിപ്പാട്, തോട്ടക്കാട്ടുകര ശാഖകളിലും തുടർന്ന് സുഷമ സേവനമനുഷ്ഠിച്ചു.

വർഷങ്ങൾക്കു ശേഷം, രണ്ടായിരത്തിപ്പതിമൂന്നോടെ, മൂത്തമകന് ജോലി ലഭിക്കുകയും ഇളയ മകൻ ഒരു പ്രഫഷണൽ കോഴ്സിനു ചേരുകയും ചെയ്തതിനെ തുടർന്നാണ് കവിതയെഴുതാനുള്ള പുസ്തകം സുഷമ വീണ്ടും തുറക്കുന്നത്.

മണിക്കൂറുകളായി വണ്ടിവരാത്ത സ്റ്റേഷനിൽ സമയം തെറ്റി ഒരു വണ്ടി വരുമ്പോൾ അങ്ങുമിങ്ങും ഉറങ്ങിക്കിടന്ന യാത്രക്കാർ ഉണർന്നെണീറ്റ് ഓടുന്നതുപോലെ, അത്രനാൾ അടക്കിവച്ച കവിതകളോരോന്നും അതോടെ സുഷമയുടെ നോട്ടുബുക്കിലേക്ക് ഒഴുകിയിറങ്ങി.

ഒന്നും രണ്ടുമൊന്നുമല്ല, ഒട്ടനവധി കവിതകളാണ് സുഷമ തുടർന്നെഴുതിയത്. കടുത്ത കൃഷ്ണഭക്തയായ സുഷമ കൃഷ്ണനെക്കുറിച്ചുമാത്രം നാല്പതോളം കവിതകൾ രചിച്ചിട്ടുണ്ട്.

കവിതയോടുള്ള അമ്മയുടെ താൽപര്യം കണ്ടിട്ട് മൂത്തമകനായ കൈലാസ്നാഥൻ പുതിയൊരു വിദ്യ പറഞ്ഞുകൊടുത്തു. അതായത് നോട്ടുബുക്കൊന്നും വേണ്ട, മറിച്ച് ഗൂഗിൾ ഡോക്സിൽ എഴുതുക. എന്താണ് ഇതിന്റെ ഗുണമെന്നുവച്ചാൽ മൊബൈലിൽ തന്നെ എഴുതാം, പ്രത്യേകം ബുക്കൊന്നും സൂക്ഷിക്കേണ്ട കാര്യമില്ല. കൂടാതെ, എവിടെ വച്ചും എപ്പോൾ വേണമെങ്കിലും എഴുതാം. എപ്പോൾ വേണമെങ്കിലും എടുത്തു വായിക്കുകയോ തിരുത്തുകയോ പങ്കുവെക്കുകയോ ചെയ്യാം.

2018 ലെ വെള്ളപ്പൊക്കത്തിന്റേയും പിന്നീട് കോവിഡിന്റേയും കാലത്താണ് തനിക്കീ 'വിദ്യ' ഗുണം ചെയ്തതെന്ന് സുഷമ പറയുകയുണ്ടായി. കാരണം ആ സമയത്ത് ആലുവയിൽ നിന്ന് എറണാകുളം വരെ മെട്രോയിലായിരുന്നു യാത്ര എന്നതിനാൽ ഒത്തിരി കവിതകൾ എഴുതാൻ കഴിഞ്ഞത്രെ.

അങ്ങനെ, തെരഞ്ഞെടുത്ത കവിതകൾ ഉൾപ്പെടുത്തിയ ‘മയൂരനൃത്തം’ എന്ന തന്റെ പ്രഥമ കവിതാസമാഹാരം 2023 ജൂൺ മാസത്തിൽ സുഷമ വായനക്കാർക്കു സമർപ്പിച്ചു.

സുഷമ ഇരവിമംഗലം എന്ന തൂലികാനാമത്തിൽ പ്രസിദ്ധീകരിച്ച സമാഹാരത്തിന് പ്രശസ്തകവി ശ്രീ എൻ കെ ദേശമാണ് അവതാരിക രചിച്ചത്.

ആർക്കിടെക്ടായി സേവനമനുഷ്ഠിക്കുന്ന കൈലാസ് നാഥ്, ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥനായ ശബരീനാഥ് എന്നിവരാണ് സുഷമയുടെ മക്കൾ. ഇരുവരും ബാംഗ്ലൂരിലാണ്.

2024 ജൂൺ മാസത്തോടെ ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിക്കുന്ന സുഷമയ്ക്ക് പക്ഷേ പുതിയൊരു ജീവിതത്തിനു തുടക്കം കുറിക്കാനാണു പദ്ധതി. അതിനുള്ള നടപടികൾ ഇപ്പോൾ തന്നെ ആരംഭിച്ചുകഴിഞ്ഞു എന്നത് അഭിമാനത്തോടെയാണ് സുഷമ പറഞ്ഞത്. കവിതയെഴുത്തിനു പുറമെ, വയലിൻ, നൃത്തം എന്നിവ അഭ്യസിക്കാൻ സുഷമ തുടങ്ങിക്കഴിഞ്ഞു.

ഇടയ്ക്കിടെ പോസ്റ്റ് ചെയ്യുന്ന കവിതകൾക്കു പുറമെ വയലിനും നൃത്തവുമെല്ലാം ടാലന്റഡ് ബാങ്കേർസിലെ ഫേസ്ബുക്ക് പേജിൽ താമസിയാതെ കാണാൻ തുടങ്ങുമെന്നു ചുരുക്കം.

ജീവിതം മുന്നോട്ടുവച്ച വെല്ലുവിളികളെ നിഷ്കരുണം തുരത്തിയെറിഞ്ഞ് തന്റെ സ്വപ്നങ്ങളെ സധൈര്യം പിന്തുടരുന്ന സുഷമ ബാങ്കു ജീവനക്കാർക്കു മാത്രമല്ല എല്ലാവർക്കും മാതൃകയാണ്.

തന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും കവിതാരചനയിൽ പുതിയ

ഉയരങ്ങളിലെത്താനും സുഷമാ ദേവിയ്ക്ക് സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ട് നിറുത്തുന്നു.

ടാലന്റഡ് ബാങ്കേഴ്സ്

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അമിത് കുമാർ, ഫെഡറൽ ബാങ്ക്, ഹെഡ്ഓഫീസ്, ആലുവ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

-----------------------------------------------------------------------------------------------

Many a person are in the habit of whining that they can't prioritize their thoughts on art amid their hectic battle with life. What if you are made to reel under the aftermath of certain unforeseen blows posed by life? Not to mention, those passions will be shelved aside, be it for poetry or any other art.

However, how would you feel if you came across some one, despite facing hurdles one after the other pursued her passion with tenacity and kept it close to heart pampering it, to later make it fly high at an opportunistic instance; amazement, respect, happiness or pride?

Let's acquaint you with a talented banker who made it through all the struggles put across to her by destiny, and rose to prominence in life with all her might.

Sushama Devi.K

Operations Department

Federal Bank, Aluva

Born unto Shri Damodaran Namboothiri, a malayalam teacher by profession and Smt. Bharathi Antharjanam, a homemaker, at Ayirur village in Pathanamthitta district as the second of their four daughters, Smt.Sushama had her education at NSS High School,Tadiyur and St. Thomas College, Ranni.

Sushama began penning poetry during her high school years. Having countless books to read and given her father would recite poetry and Aksharasloka to the students gathered at his home, the innate poet in her excelled.

Sushama was inspired to pursue her poetic journey following the paths of her father, a poet.

It was during that phase of life when she was so engrossed in poetry that unexpectedly her father died of heart attack. She was pursuing teacher's training course after her undergraduate degree back then.

She felt like destiny had composed an elegy centred around her.

The death was a heavy blow to the family of four girls who were students and their mother.However, they survived solely on account of perseverance and God's grace.Sushama recalls that she could not even think about writing poetry at that time due to the tough times she was going through.

After completing TTC, Sushama got appointed through employment exchange as a teacher at Kudamurutti Tribal School. She had to board two or three buses from Ayirur, then travel five kilometers by jeep and oftentimes would go on foot to work.Meanwhile she started pursuing graduation in Malayalam as a correspondence course.

Although work and children were a source of solace to her, poetry chose to remain aloof from her.

However since she was teaching Malayalam language, Sushama got the opportunity to enjoy reading many poems,both as part of the curriculum and outside of it. After completing her B.Ed degree, Sushama worked as a teacher in Vengara in Malappuram district and Kulathuppuzha in Kollam district.

Sushama got married in 1988 to Shri P.S Muralidharan Namboothiri,an Officer of Federal Bank . Apart from being a good reader, he also used to write poems in English and Malayalam.

Sushama did not, however, had time to set aside to follow her love for poetry. The poems were destined to wait on the mental platform for the right moment to arrive, thanks to birth of her eldest son and her demanding job schedule.

An unexpected thing happened in her life not so long after. It was while she was pregnant with her second child that Sushama came to know that cancer cells had taken hold of her beloved in such a way that there would be no return. And soon he gave in to destiny.

The second child was born a month after the death of her husband. Sushama freezed her poetic faculties for a decade and a half as she took care of her two children as a single parent along with her professional life.

In February 1994, Sushama started her career at Federal Bank. Sushama served in Pazhavangadi, Payippad and Thottakkatukara branches of the bank.

Years later, in 2013, when her elder son got a job and the younger son enrolled in a professional course, Sushama re-entered the world of poetry.

The poems that Sushama had been holding onto for so long gushed into her notebook just like how the sleeping passengers would wake up and run around on the arrival of train at a station in which there had been no train for hours.

Sushama wrote many more poems after that—not just one or two. She is a devoted follower of Krishna and has written over forty poems exclusively about him.

Noticing his mother's penchant for poetry, the elder son Kailasnathan taught her to write in Google Docs instead of using a notebook so that she could write without the need to keep a separate book.She could write poems at her convenience and could read, edit or share anytime.

According to Sushama, this method came in handy for her during the 2018 floods and the subsequent Covid-19 pandemic. She was able to write a lot of poems because she was commuting from Aluva to Ernakulam at that time by metro.

In June 2023, she got her first collection of poems 'Mayuranritham' published. The preface for the book published under the pen name Iravimangalam was penned by the noted poet Sri NK Desam.

Sushama's son,Kailas Nath works as an architect, and Sabarinath is an Officer in Federal bank officer. Both are located in Bangalore.

Sushama intends to begin a new life after retiring from the bank in June 2024. She proudly states that the preparations for it are underway. Apart from poetry writing, Sushama has started learning dancing and violin also.

In addition to the poems she posts on Talented Bankers Facebook page occasionally, her violin and dance performance may soon see limelight through the page.

Sushama exemplifies qualities that are admirable, not just for bank workers but for everybody who daringly chases their goals by overcoming obstacles in life.

May Sushama realize her dreams and achieve greater heights in poetry.